**പത്രക്കുറിപ്പ്**

**5-1-2017**

# കുടുംബശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകളെ ശക്തിപ്പെടുത്താൻ ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്തുന്നു

തിരുവനന്തപുരം: സംസ്ഥാനത്തെ കുടുംബശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് ഗ്രേഡിംഗ് സംവിധാനം സംവിധാനം ഏർപ്പെടുത്തുന്നു. യൂണിറ്റുകളുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്നതോടൊപ്പം ന്യൂട്രിമിക്സ് ഉൽപാദനവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് ഗ്രേഡിംഗ് കൊണ്ടു വരുന്നത്. ഇതുപ്രകാരം സംസ്ഥാനത്തെ എല്ലാ യൂണിറ്റുകളും ഈ മാസം തന്നെ 'എ' ഗ്രേഡ് ലഭിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർത്തായാക്കുന്നതിന് നിർദേശം നൽകിയതായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ അറിയിച്ചു. ഇതു സംബന്ധിച്ച ഏകദിന ശിൽപശാലയിലാണ് ഇക്കാര്യം അറിയിച്ചത്.

യൂണിറ്റുകൾ തമ്മിൽ ആരോഗ്യകരമായ മത്സരം വളർത്തുന്നതിനും സ്വയംതൊഴിൽ സംരംഭം എന്ന നിലയ്ക്ക് കൂടുതൽ പ്രഫഷണലിസം കൈവരുത്തുന്നതിനും പുതിയ തീരുമാനം സഹായകരമാകും. ഇതു പ്രകാരം കുടുംബശ്രീയും സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടത്തുന്ന റേറ്റിംഗ് നടപടികളിൽ എല്ലാവിധ മാനദണ്ഡങ്ങളും പാലിച്ചു 'എ'ഗ്രേഡ് നേടി പ്രവർത്തിക്കുന്ന യൂണിറ്റുകൾക്കു മാത്രമാകും ഇനി മുതൽ അമൃതം ന്യൂട്രിമിക്സ് ഉൽപാദനത്തിനും വിതരണത്തിനുമുള്ള അവസരം ലഭിക്കുക. 'ബി' 'സി' ഗ്രേഡുകൾ മാത്രം നേടുന്ന യൂണിറ്റുകൾക്കു നിലവിൽ സബ്സിഡിയിനത്തിൽ ലഭിക്കുന്ന ഗോതമ്പ് നിർത്തലാക്കും. ഈ യൂണിറ്റുകൾക്ക് മറ്റേതെങ്കിലും സംരംഭമായി തുടരുന്നതിനുള്ള അവസരവും ഒരുക്കും.

അടിസ്ഥാന സൗകര്യം, പരിസരശുചിത്വം, യൂണിറ്റിനുള്ളിലെ ശുചിത്വം, യൂണിറ്റിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രങ്ങളും അവയുടെ ശുചിത്വവും, ഇലക്ട്രിഫിക്കേഷൻ, വ്യക്തിശുചിത്വം, രേഖകളും രജിസ്റ്ററുകളും, നിയമപരമായ രേഖകളും നടപടികളും, മൂല്യവർദ്ധനവ്, പ്രവർത്തന മികവ്, സംഘബോധം എന്നിവയാണ് ഗ്രേഡിങ്ങിനായി നിഷ്കർഷിച്ചിട്ടുള്ള സുപ്രധാന മാനദണ്ഡങ്ങൾ. ഗ്രേഡിംഗ് നിർബന്ധമാക്കുന്നതോടെ ഈ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് 'എ' ഗ്രേഡ് നേടുന്ന യൂണിറ്റുകൾക്കു മാത്രമേ ഇനി മുതൽ അംഗണവാടികളിലേക്ക് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യാൻ കഴിയൂ. മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമിച്ച് വിപണണം ചെയ്യുന്നതിനും യൂണിറ്റുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

ജനുവരിക്കുള്ളിൽ നടത്തുന്ന ആദ്യഘട്ട റേറ്റിംഗിൽ 'ബി' 'സി' ഗ്രേഡുകൾ ലഭിക്കുന്ന യൂണിറ്റുകൾക്ക് മികച്ച രീതിയിൽ മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കുന്നതു വഴി 'എ' ഗ്രേഡ് ലഭിക്കുന്നതിന് വീണ്ടും അവസരമുണ്ട്. ഇതിനായി ഫെബ്രുവരി മാർച്ച് മാസങ്ങളിൽ കൂടി സമയം നൽകും. യൂണിറ്റുകൾക്ക് എ ഗ്രേഡ് നേടുന്നതിനായി ടെക്നോളജി ഫണ്ട്, തൊഴിൽ വൈദഗ്ധ്യ പരിശീലനം, സാമ്പത്തിക സഹായം എന്നിവ ഉൾപ്പെടെയുള്ള പിന്തുണയും കുടുംബശ്രീ നൽകും.

യൂണിറ്റുകൾ വാങ്ങുന്ന ഗോതമ്പിന്റെ അളവും ഉൽപാദിപ്പിക്കുന്ന ന്യൂട്രിമിക്സിന്റെ അളവും തമ്മിലുള്ള അനുപാതവും കൃത്യമായി പരിശോധിക്കും. കുടുംബശ്രീയിലെയും സാമൂഹ്യനീതി വകുപ്പിലെയും ഉദ്യോഗസ്ഥർ സംയുക്തമായിട്ടാകും ഇതു പരിശോധിക്കുക. രണ്ണിംഗ് ലൈസൻസ്, പാക്കിംഗ് ലൈസൻസ്, എഫ്.എസ്.എസ്.എ.ഐ.രജിസ്ട്രേഷൻ, ടാക്സ് രജിസ്ട്രേഷൻ, ഉൽപന്നത്തിലുള്ള നിയമപരമായ അറിയിപ്പുകൾ, എല്ലാ അംഗങ്ങൾക്കും ഹെൽത്ത് കാർഡ് തുടങ്ങിയ നിയമപരമായ രേഖകൾ, കൂടാതെ റോസ്റ്റർ, ബ്ളൻഡർ, സ്വിഫ്റ്റർ, പൾവറൈസർ,ബാച്ച് കോഡിംഗ് മെഷീൻ തുടങ്ങി ന്യൂട്രിമിക്സ് നിർമാണത്തിനാവശ്യമായ യന്ത്രങ്ങളും അവയുടെ സമ്പൂർണ ശുചിത്വവും ഉൾപ്പെടെയുള്ള വിവിധ ഘടകങ്ങൾ റേറ്റിംഗിൽ കർശനമായി വിലയിരുത്തപ്പെടും.

ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് അവരുടെ തൊഴിൽ മേഖലയിൽ ഏറ്റവും മികച്ച നേട്ടങ്ങൾ കൈവരിക്കാനുള്ള അവസരമാണ് ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ ലഭിക്കുന്നതെന്ന് ശിൽപശാലയിൽ മുഖ്യാതിഥിയായ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ടി.വി അനുപമ പറഞ്ഞു.

കുടുംബശ്രീ പ്രോഗ്രാം ഓഫീസർ പ്രമോദ് വർക്കി, മാർക്കറ്റിംഗ് കോ-ഓർഡിനേറ്റർ ജാസ്മി ബീഗം, കൺസൾട്ടന്റ് അഖില, ന്യൂട്രിമിക്സ് കൺസോർഷ്യം സംസ്ഥാനതല ഭാരവാഹികളായ പ്രെറ്റി.എസ്, മഹേശ്വരി എസ് എന്നിവർ സംസാരിച്ചു. യുണിറ്റുകളുടെ പൊതുവായ പ്രശ്നങ്ങൾ അറിയുന്നതിന് ഗ്രൂപ്പുതല ചർച്ചയും നടത്തി. സംസ്ഥാനത്തെ മുഴുവൻ ന്യൂട്രിമിക്സ് യൂണിറ്റുകളിലെയും പ്രതിനിനിധികൾ ശിൽപശാലയിൽ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ് 1. അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകളുടെ പ്രതിനിധികൾക്കായി സംഘടിപ്പിച്ച റേറ്റിംഗ് സ്കെയിൽ ഏകദിന ശിൽപശാലയിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ സംസാരിക്കുന്നു. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ടി.വി അനുപമ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ പ്രമോദ് കെ.വി എന്നിവർ സമീപം

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**